# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 386

## (27.02.2018 ലെ മറുപടിക്ക്)

## വാഴിച്ചൽ മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര റോഡ്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ<br>(ബഹു. എം.എൽ.എ) | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പാറശ്ശാല-പനച്ചമൂട് റോഡിന് പകരമായി വാഴിച്ചൽ മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര, നിലമാമൂട്- അഞ്ചുമരംകാല റോഡ് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ തൽസ്ഥിതി അറിയിക്കാമോ; | 10.07.2017 ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പാറശ്ശാല-പനച്ചമൂട് റോഡ് നവീകരിക്കുന്നതിനായി 15 കോടി രൂപ കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പാക്കുന്നതിനും നിരത്തുകളും, പാലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ SPV ആക്കിയും തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പരാമർശ റോഡിന് പകരം 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിരിക്കുന്ന വാഴിച്ചാൽ -മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര റിംഗ് റോഡ് -9 കോടി , നിലമാമൂട് -അഞ്ചുമരംകാല റോഡ് -6 കോടി എന്നീ പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റ പ്രവൃത്തിയായി ചെയ്ത് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹു. എം.എൽ.എ. ശ്രീ. സി.കെ. ഹരീന്ദ്രന്റെ നിർദ്ദേശ പ്രകാരം ഭരണ വകുപ്പ് ഫയൽ സമർപ്പിച്ചിട്ടുണ്ട്.<br>2016-17,2017-18 വർഷങ്ങളിൽ 20,000 കോടി രൂപയുടെ വീതം കിഫ്ബി പദ്ധതികൾ നടപ്പാക്കുമെന്നാണ് ടി സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഏകദേശം |
| (ബി) | പ്രസ്തുത പ്രവൃത്തി അംഗീകരിക്കുന്നതിനും ഡി പി ആർ, മറ്റ് അനുബന്ധ നടപടികൾ എന്നിവ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

| | | |
|---|---|---|
| | | 50,000/- കോടി രൂപയിൽ കവിഞ്ഞ അടങ്കലുള്ള പദ്ധതികളാണ് നാളിതുവരെ കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 19940.15 കോടി രൂപയുടെ പദ്ധതികൾ കിഫ് ബോർഡ് അംഗീകരിച്ച കഴിഞ്ഞു. ഈ സാഹചര്യത്തിൽ പ്രഖ്യാപിത പദ്ധതികൾക്കു പുറമെ നിന്നും ഇനിയും പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നത് കിഫ്ബിയുടെ തിരിച്ചടവ് ബാദ്ധ്യതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പുതിയ പദ്ധതികളും ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതുമായ പദ്ധതികൾ, നിലവിൽ കിഫ്ബി ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതുവരെ പരിഗണിക്കേണ്ടതില്ല എന്നതിനാൽ പ്രസ്തുത പ്രവൃത്തികൾ നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർവാഹമില്ല. |

**സെക്ഷൻ ഓഫീസർ**